പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 224 | 18/02/2016 ൽ മറുപടിക്ക്

ചികിത്സാരീതികളുടെ ഏകോപനം

| ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, പി.കെ.ബഷീർ<br>,, പി.ഉബൈദുള്ള | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ പഞ്ചായത്തുകളിലും ത്രിതല ചികിത്സാ സമ്പ്രദായം ഏർപ്പെടുത്തുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽവന്നതിനു ശേഷം എല്ലാ പഞ്ചായത്തുകളിലും ത്രിതല സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി എൻ.എച്ച്.എം. ന് കീഴിൽ 60 ഹോമിയോ ഡിസ്പെൻസറികളും 15 ആയൂർവേദ ഡിസ്പെൻസറികളും 28 സിദ്ധ ഡിസ്പെൻസറികളും ആരംഭിക്കുകയുണ്ടായി. |
| (ബി) | ആയുഷ് പദ്ധതിയിൽ പാരമ്പര്യ പിൻബലത്തോടൊപ്പം ശാസ്ത്രീയ പിൻബലവുമുള്ള സിദ്ധ പോലുള്ള ചികിത്സാ രീതികളെ അവഗണിക്കുന്നു എന്ന ആക്ഷേപം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 2016-17 സാമ്പത്തിക വർഷം 8 ജില്ലാ ആയൂർവേദ ആശുപത്രികളിൽ താൽക്കാലിക സിദ്ധ യൂണിറ്റുകൾ തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുതിയ സിദ്ധ ഡിസ്പെൻസറികൾ തുടങ്ങുന്നതിനുവേണ്ടി ലഭിച്ച 28 പഞ്ചായത്തുകളുടെ തീരുമാനങ്ങൾ ചേർത്ത പ്രപ്പോസലിൽ (എ1/251/2015-ആയുഷ് നമ്പർ ഫയലിൽ) നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | മോഡേൺ മെഡിസിന്റെയും, സ്വകാര്യ ആശുപത്രികളുടെയും അമിത പ്രചാരണങ്ങളിൽപ്പെട്ട്, ചെലവു കുറഞ്ഞ ഫലപ്രദമായ മറ്റു ചികിത്സാരീതികളെ ആശ്രയിക്കാൻ ബി.പി.എൽ.കാർ പോലും മടിക്കുന്ന സ്ഥിതിവിശേഷം നേരിടാൻ എല്ലാ വിഭാഗം ചികിത്സാ രീതികളും തുല്യ രീതിയിൽ ജനങ്ങളിൽ എത്തിക്കാൻ മതിയായ സൗകര്യവും, അവസരങ്ങളും ഒരുക്കുമോ; വിശദമാക്കുമോ? | (സി) | എല്ലാ വിഭാഗം ചികിത്സാ രീതികളെയും ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി എൻ.എച്ച്.എം.ന് കീഴിൽ 60 ഹോമിയോ ഡിസ്പെൻസറികളും 15 ആയൂർവേദ ഡിസ്പെൻസറികളും 28 സിദ്ധ ഡിസ്പെൻസറികളും ആരംഭിക്കുകയുണ്ടായി. ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ജനങ്ങൾക്ക് ആവശ്യമായ ചികിത്സാ സൗകര്യം സൗജന്യമായി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ